**ഭരണഭാഷ-മാതൃഭാഷ**

നം. WEC -1/2226/2022

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി :20/01/2022
ഇ-മെയിൽdirectorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

**പരിപത്രം**

വിഷയം: വനിത ശിശു വികസന വകുപ്പ് – അന്താരാഷ്ട്ര വനിതാ ദിനം 2022 – ജില്ലാതലത്തിൽ വാരാചരണ പരിപാടികൾ ഓൺലൈനായി സംഘടിപ്പിക്കുന്നത്- മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:

വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2022 വർഷത്തെ ദേശീയ ബാലികാദിനവും അന്താരാഷ്ട്ര വനിതാദിനവും കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈനായി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ദേശീയ ബാലികാദിനമായ 2022 ജനവരി 24 ന് ഓൺലൈൻ പരിപാടികൾ ആരംഭിച്ച് അന്താരാഷ്ട്ര വനിതാദിനമായ 2022 മാർച്ച് 8 ന് അവസാനിക്കുന്ന തരത്തിൽ 6 ആഴ്ചക്കാലത്തെ ഓൺലൈൻ വാരാചരണ പരിപാടികളാണ് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സംഘടിപ്പിക്കുന്നത്.

2022 ജനവരി 24 മുതൽ 2022 മാർച്ച 8 വരെ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളിൽ ആരോഗ്യ, പോഷണം Postpartum depression, post menstrual syndrome, menopause, hysterectomy, meditation, behavioural therapy എന്നിവയിൽ അവബോധ ക്ലാസുകൾ, പത്ര – ദൃശ്യ -ശ്രാവ്യ മാധ്യമങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിബേറ്റ് , യുവ ദമ്പതികൾക്ക് post marital counselling, കുടുംബങ്ങളുടെ പ്രാധാന്യം,

വീട്ടുജോലിയിലെ പങ്കാളിത്തം, കുടുംബങ്ങളിലെ തുല്യത എന്നീ വിഷയങ്ങളിൽ ചർച്ചയും, മതസാമുദായിക നേതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് കുടുംബ അവബോധന ക്ലാസ്സുകളും ശൈശവ വിവാഹത്തിന്റെ ദൂഷ്യവശങ്ങൾ DLSA യുമായി സഹകരിച്ച് സ്ത്രീകൾക്കിടയിൽ സൗജന്യ നിയമ അവബോധം സൃഷ്ടിക്കൽ Gender – neutral dress code സംബന്ധിച്ച് കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ഡിബേറ്റ്, മികച്ച A G ക്ലബ്ബുകൾ ധീരമായ/പ്രശംസനീയ പ്രവർത്തനങ്ങൾ കാഴ്ചവച്ച കുട്ടികളെ അനുമോദിക്കൽ Labour Department മായി സഹകരിച്ച് POSH Act ബോധവൽക്കരണം , ശാരീരിക അതിക്രമങ്ങൾക്ക് വിധേയരായിട്ടുള്ള സ്ത്രീകൾ നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച , കോളേജ് വിദ്യാർത്ഥികൾക്കിടയിൽ സ്ത്രീധനസമ്പ്രദായത്തിലെ അനാചാരങ്ങൾ വനിത എഴുത്തുകാരുമായുള്ള ചർച്ച എന്നിവ ഉൾപ്പെടുന്നു. ജില്ലയിലെ പ്രവർത്തനങ്ങളിൽ ജില്ലയിലെ മുഴുവൻ ICDS ഓഫീസുകൾ, ക്ഷേമസ്ഥാപനങ്ങൾ, NGO എന്നിവരുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കേണ്ടതും അതിനാവശ്യമായ നിർദ്ദേശം ജില്ലാ വനിത ശിശുവികസന ഓഫീസർമാർ കീഴ്ക്കാര്യാലയങ്ങൾക്ക് നൽകേണ്ടതുമാണ്. വിശദമായ പ്രവർത്തന കലണ്ടർ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
പകർപ്പ്

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ വനിത പ്രൊട്ടക്ഷൻ ഓഫീസർമാർക്കും
3. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
4. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
5. ഫയൽ/സ്റ്റോക്ക് ഫയൽ

GB

# അന്താരാഷ്ട്ര വനിതാ ദിനം 2022 പ്രവർത്തന കലണ്ടർ

| തീയതി | സമയം | വിഷയം | ഗുണഭോക്താക്കൾ |
|---|---|---|---|
| ഒന്നാമത്തെ ആഴ്ച: ആരോഗ്യവും പോഷണവും | | | |
| 24.01.2022 | 10.30 am - 12.30 pm | Debate in Gender Neutral dress code in Educational Institutions –How it contribute to the Society or its impact on students and society. | ജില്ലയുടെ തെരഞ്ഞെടുക്കപ്പെട്ട 10 കോളേജുകളിലെ ആൺകുട്ടികളും പെൺകുട്ടികളും |
| 25.01.2022 | 10.30 am - 12.30 pm | 1) സ്കൂൾ കുട്ടികളുടെ ആർത്തവ ശുചിത്വവും പോഷണവും | School / College students |
| | | 2) കൗമാരപ്രായക്കാരുടെ ആരോഗ്യ പരിചരണവും പോഷണവും | School / College students |
| 31.01.2022 | 10.30 am - 11.30 pm | 1) ധീരമായി /പ്രശംസനീയമായ /Extra ordinary പ്രവർത്തികൾ കാഴ്ചവച്ചിട്ടുള്ള കുട്ടികളെ അനുമോദിക്കുക | സ്കൂൾ കുട്ടികൾ |
| | 11.30 am - 12.30 pm | 2) ജില്ലയിൽ ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന | |

| | | | |
|---|---|---|---|
| | | A.G Club ന്റെ പ്രവർത്തനം പങ്ക് വയ്ക്കൽ | A.G Club കൾ |
| രണ്ടാമത്തെ ആഴ്ച: സ്ത്രീകളുടെ മാനസികാരോഗ്യം | | | |
| 01.02.2022 | 10.30 am - 12.30 pm | Postpartum depression, post menstrual syndrome, menopause, hysterectomy എന്നിവയിൽ അവബോധ ക്ലാസ് | ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കോളേജ് വിദ്യാർത്ഥികൾ, അദ്ധ്യാപകർ |
| 02.02.2022 | 10.30 am - 12.30 pm | meditation, behavioural therapy യിൽ അവബോധ ക്ലാസ് | ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കോളേജ് വിദ്യാർത്ഥികൾ, അദ്ധ്യാപകർ |
| 03.02.2022 | 10.30 am - 12.30 pm | Debate (increasing rate of women related crimes – reasons and solutions | പത്ര ,ദൃശ്യ-ശ്രാവ്യ മാധ്യമ പ്രതിനിധികൾ |
| 04.02.2022 | 10.30 am - 12.30 pm | യുവ ദമ്പതികൾക്ക് Post marital counselling | ജില്ലകളിലെ യുവ ദമ്പതികൾ |
| മൂന്നാമത്തെ ആഴ്ച: സ്ത്രീയും കുടുംബവും | | | |
| 08.02.2022 | 10.30 am - 12.30 pm | കുടുംബ ബന്ധങ്ങളുടെ പ്രാധാന്യം വീട്ടുജോലിയിലെ | സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ |

GB

| | | | |
|---|---|---|---|
| | | പങ്കാളിത്തം, കുടുംബങ്ങളിലെ തുല്യത എന്നീ വിഷയങ്ങൾ ചർച്ച സംഘടിപ്പിക്കുക | |
| 10.02.2022 | 10.30 am - 12.30 pm | കുടുംബഅവബോധ ക്ലാസുകൾ സംഘടിപ്പിക്കുക | മതസാമുദായിക നേതാക്കൾ, സാമൂഹ്യ പ്രവർത്തകർ |
| **നാലാമത്തെ ആഴ്ച: സ്ത്രീയും നിയമവും** | | | |
| 15.02.2022 | 10.30 am - 12.30 pm | ശൈശവ വിവാഹ നിരോധന നിയമത്തെക്കുറിച്ചും അതിന്റെ ദൂഷ്യവശങ്ങളെ കുറിച്ചും അവബോധ ക്ലാസ്. | രക്ഷിതാക്കൾ, മതസാമുദായിക നേതാക്കൾ, സാമൂഹ്യ പ്രവർത്തകർ |
| 16.02.2022 | 10.30 am - 12.30 pm | DLSA യുമായി സഹകരിച്ച് പൊതു ജനങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുന്നത് സംബന്ധിച്ച്അവബോധം സൃഷ്ടിക്കൽ | സ്ത്രീകൾ, സ്ത്രീ സംഘടനകൾ സന്നദ്ധ സംഘടനകൾ റസിഡൻസ് അസ്സോസിയേഷൻ. |
| 17.02.2022 | 10.30 am - 12.30 pm | PWD Act മായി ബന്ധപ്പെട്ട് WPO/SPC കൾ മുഖേന DIR ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ സ്ത്രീകൾക്ക് സമയബന്ധിതമായി | 5 വർഷത്തിലേറെ ഫയൽചെയ്തിട്ടുള്ള DIR ലെ ഹർജ്ജിക്കാർ |

| | | | |
|---|---|---|---|
| | | പരിഹാരം ലഭ്യമായിട്ടുണ്ടോയെന്നും നിലവിൽ അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൽ സംബന്ധിച്ച ചർച്ച | |
| അഞ്ചാമത്തെ ആഴ്ച: സ്ത്രീയും തൊഴിലും | | | |
| 22.02.2022 | 10.30 am - 12.30 pm | ജില്ലാ ലേബർ ഓഫീസറുമായി സഹകരിച്ച് POSH Act സംബന്ധിച്ച് അവബോധം സൃഷ്ടിക്കൽ ( ICC,LC,ഫൈൻ, അപ്പീൽ എന്നിവയ്ക്ക് ഊന്നൽ നൽകണം) | സംഘടിത മേഖലയിലെ തൊഴിലുടമകൾ |
| 24.02.2022 | 10.30 am - 12.30 pm | ജില്ലാലേബർ ഓഫീസറുമായി സഹകരിച്ച് POSH Act സംബന്ധിച്ച് അവബോധം സൃഷ്ടിക്കൽ ( ICC,LC, ഫൈൻ, അപ്പീൽ എന്നിവയ്ക്ക് ഊന്നൽ നൽകണം) | അസംഘടിത മേഖലയിലെ തൊഴിലാളികൾ |
| ആറാമത്തെ ആഴ്ച: സ്ത്രീയും സംസ്കാരവും | | | |
| 03.03.2022 | 10.30 am - 12.30 pm | കലാ-കായിക സാംസ്കാരിക മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള വനിതകൾ നേരിടുന്ന വെല്ലുവിളികൾ- | കലാ-കായിക സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്നവർ |

GB

| | | | |
|---|---|---|---|
| | | ചർച്ച | |
| 04.03.2022 | 10.30 am - 12.30 pm | സ്ത്രീധന സമ്പ്രദായത്തിലെ അനാചാരങ്ങൾ-സംവാദം | കോളേജ് വിദ്യാർത്ഥികൾ |
| 08.03.2022 | 10.30 am - 12.30 pm | സാമൂഹ്യമാധ്യമങ്ങളും സ്ത്രീകളും –സംവാദം | സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്നവർ |

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി